# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ: 754 — 16/07/2014-ൽ മറുപടിക്ക്

**ആദിവാസി പെൺകുട്ടികൾ പീഡനങ്ങൾക്കും ചൂഷണങ്ങൾക്കും ഇരയാകുന്നത്**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എൻ. ഷംസുദ്ദീൻ:<br>ശ്രീ. സി. മമ്മൂട്ടി :<br>ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ :<br>ശ്രീ. കെ.എം. ഷാജി: | | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| എ | കർശന നിയമ പരിരക്ഷകളുണ്ടായിട്ടും പെൺകുട്ടികൾ ഉൾപ്പെടെയുള്ള ആദിവാസികൾ ഇപ്പോഴും പീഡനങ്ങൾക്കും ചൂഷണങ്ങൾക്കും ഇരയാകുന്നതിന്റെ കാരണങ്ങളെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ കണ്ടെത്തലുകൾ വ്യക്തമാക്കുമോ; | എ | ഉണ്ട്. ഒറ്റപ്പെട്ട സ്ഥലങ്ങളിൽ താമസിക്കുന്ന പട്ടികവർഗ്ഗത്തിലെ ദുർബ്ബലർക്കും നിയമപരിരക്ഷകളെക്കുറിച്ച് അവബോധം ഇല്ലാത്തവർക്കുമാണ് ഇപ്പോഴും പീഡനങ്ങളും ചൂഷണങ്ങളും അനുഭവപ്പെടുന്നതെന്ന് കണ്ടെത്തിയിട്ടുണ്ട്. പട്ടികവർഗ്ഗ സ്ത്രീകൾക്കിടയിൽ കുടുംബശ്രീ, അയൽക്കൂട്ടങ്ങൾ സംഘടിപ്പിച്ച് ശക്തിപ്പെടുത്തി കൂട്ടായ പ്രവർത്തനങ്ങളിലൂടെ ശാക്തീകരിക്കുന്നതിനും, നൈപുണ്യ വികസനത്തിലൂടെ പുതിയ തൊഴിലവസരങ്ങൾ കണ്ടെത്തി വരുമാന വർദ്ധനവിലൂടെ സ്വാശ്രയത്വത്തിലേക്ക് നയിക്കുന്നതിനും പരിശ്രമങ്ങൾ നടന്നു വരുന്നുണ്ട്. |
| ബി | ഇല്ലെങ്കിൽ ഇതു സംബന്ധിച്ച് പരിശോധന നടത്തുന്ന കാര്യം പരിഗണിക്കുമോ; | ബി | ബാധകമല്ല. |
| സി | നിയമപരിരക്ഷയേയും അവകാശങ്ങളേയും കുറിച്ച് ആദിവാസി വിഭാഗങ്ങളെ ബോധവൽക്കരിക്കാൻ എന്തൊക്കെ സംവിധാനങ്ങൾ നിലവിലുണ്ടെന്ന് വിശദമാക്കുമോ? | സി | പട്ടികവർഗ്ഗക്കാർക്കെതിരെയുള്ള അതിക്രമങ്ങൾ/ ചൂഷണങ്ങൾ തടയുന്നതിനും അവർക്ക് ലഭ്യമാകുന്ന നിയമ പരിരക്ഷകൾ സംബന്ധിച്ച് ബോധവൽക്കരണം നടത്തുന്നതിനും ലീഗൽ സർവ്വീസ് സൊസൈറ്റി മുഖേനയായും തദ്ദേശീയരായ അഭിഭാഷകരുടെയും, പൊതുപ്രവർത്തകരുടേയും സഹകരണത്തോടു കൂടിയും നടപടികൾ സ്വീകരിക്കാറുണ്ട്. ഇതു കൂടാതെ സ്ത്രീകൾക്കെതിരെയുള്ള പീഡനങ്ങളെപ്പറ്റി ബോധവൽക്കരണം നടത്തുന്നതിനായി സംസ്ഥാന വനിതാ കമ്മീഷൻ നിലവിലുണ്ട്. പട്ടികജാതി/പട്ടികവർഗ്ഗ ഗോത്ര വർഗ്ഗ കമ്മീഷനും പ്രത്യേക അദാലത്തുകൾ നടത്തി ഇക്കാര്യത്തിൽ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നതിന് നടപടി എടുത്തു വരുന്നു. ജില്ലകളിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്ക് വേണ്ടി സെമിനാറുകൾ/ ബോധവൽക്കരണ ക്ലാസ്സുകൾ എന്നിവ ജില്ലാതല |

| | | | |
|---|---|---|---|
| | | | മോണിറ്ററിംഗ് കമ്മിറ്റിയുടെ മേൽനോട്ടത്തിൽ ഫീൽഡ് തലത്തിൽ പ്രോജക്ട് ഓഫീസർ/ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർമാർ മുഖേന സംഘടിപ്പിക്കാറുണ്ട്. എല്ലാ വർഷവും സാമൂഹ്യ ഐക്യദാർഢ്യ പക്ഷാചരണത്തോടനുബന്ധിച്ച് ഇക്കാര്യത്തിൽ പട്ടികജാതി/ പട്ടികവർഗ്ഗക്കാർക്ക് ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ച് വരുന്നുണ്ട്. 1989-ലെ പട്ടികജാതി/പട്ടികവർഗ്ഗ അതിക്രമം തടയൽ നിയമം ശക്തമായി നടപ്പാക്കുന്നതിലൂടെ പട്ടികവർഗ്ഗക്കാർക്കെതിരെ നടക്കുന്ന അതിക്രമങ്ങൾ അമർച്ച ചെയ്യുന്നതിന് കഴിയുന്നുണ്ട്. ടി നിയമം നടപ്പാക്കുന്നതിനും അതിക്രമങ്ങൾക്ക് വിധേയരാകുന്നവരെ പുനരധിവസിപ്പിക്കുന്നതിനും, അതിക്രമങ്ങൾക്ക് വിധേയരാകുന്നവർക്ക് സൗജന്യ നിയമ സഹായം, അർഹമായ കേസ്സുകളിൽ ആശ്രിതർക്ക് സർക്കാർ ജോലി, ആശ്രിതർക്കുള്ള ധനസഹായം തുടങ്ങിയ പരിരക്ഷകളും ഈ പദ്ധതി ഉറപ്പ് വരുത്തുന്നുണ്ട്. 1989-ലെ പട്ടികജാതി/പട്ടികവർഗ്ഗ (അതിക്രമങ്ങൾ തടയൽ) നിയമപ്രകാരം രജിസ്റ്റർ ചെയ്യുന്ന കേസ്സുകളുടെ അന്വേഷണം, കേസ്സുകളുടെ നടത്തിപ്പ് എന്നിവ സുഗമമാക്കുന്നതിനായി വയനാട്, പാലക്കാട്, കാസർഗോഡ് ജില്ലകളിൽ സ്പെഷ്യൽ മൊബൈൽ സ്ക്വാഡുകളും, ടി കേസ്സുകളുടെ സമയബന്ധിത തീർപ്പാക്കലിനു മലപ്പുറം ജില്ലയിലെ മഞ്ചേരിയിലും വയനാട് ജില്ലയിലെ മാനന്തവാടിയിലും സ്പെഷ്യൽ കോടതികളും ആരംഭിച്ചിട്ടുണ്ട്. അതിക്രമങ്ങൾക്ക് വിധേയരാകുന്നവർക്ക് അനുവദിക്കാവുന്ന പുതുക്കിയ നിരക്കിലുള്ള ആനുകൂല്യങ്ങൾ (ഭാരത സർക്കാരിന്റെ 23.12.2011-ലെ അസാധാരണ ഗസറ്റ് വിജ്ഞാപന പ്രകാരം പരിഷ്ക്കരിച്ച നിരക്കുകൾ) **അനുബന്ധമായി** ചേർക്കുന്നു. |

**സെക്ഷൻ ഓഫീസർ**

അനുബന്ധം

| ക്രമ നം | കുറ്റകൃത്യത്തിന്റെ പേര് | നഷ്ട പരിഹാരമായി ലഭിക്കുന്ന തുക |
|---|---|---|
| 1 | ഭക്ഷ്യയോഗ്യമല്ലാത്തതോ നിന്ദ്യമായതോ ആയ ഏതെങ്കിലും സാധനം തീറ്റിക്കുകയോ കുടിപ്പിക്കുകയോ ചെയ്യുന്നത് (വകുപ്പ് 3 (i) (i) | കുറ്റകൃത്യത്തിന്റെ സ്വഭാവവും തീവ്രതയും അനുസരിച്ച് കുറ്റകൃത്യത്തിനിരയായ ഓരോ വ്യക്തിക്കും 60,000/- രൂപയോ അതിൽ കൂടുതലോ. ഇതു കൂടാതെ കുറ്റകൃത്യത്തിന് ഇരയായ വ്യക്തിക്ക് നേരിട്ട അപമാനം, പരിക്ക് , മാനഹാനി എന്നിവക്ക് ആനുപാതികമായ തുക താഴെ പറയുന്ന പ്രകാരം നഷ്ഠപരിഹാരം നൽകേണ്ടതാണ്.<br>(1) ചാർജ് ഷീറ്റ് കോടതിയിൽ സമർപിക്കുമ്പോൾ 25 ശതമാനം<br>(2) പ്രതിക്കെതിരെ കീഴ്ക്കോടതി കുറ്റ സ്ഥാപനം നടത്തുമ്പോൾ ബാക്കി 75 ശതമാനം |
| 2 | ഹാനിയോ അപമാനമോ ഉപദ്രവമോ ഉണ്ടാക്കുക (വകുപ്പ് 3 (i) (ii) | |
| 3 | അന്തസ്സിന് ന്യൂനത ഉണ്ടാക്കുന്ന പ്രവർത്തനങ്ങൾ (വകുപ്പ് 3 (i) (iii) | |
| 4 | ഭൂമി അനധികൃതമായി കൈവശപ്പെടുത്തുകയോ ഭൂമിയിൽ കൃഷി നടത്തുകയോ ചെയ്യുന്നത് (വകുപ്പ് 3 (i) (iv) | കുറ്റകൃത്യത്തിന്റെ സ്വഭാവവും തീവ്രതയും അനുസരിച്ച് കുറ്റകൃത്യത്തിനിരയായ ഓരോ വ്യക്തിക്കും 60,000/- രൂപയോ അതിൽ കൂടുതലോ. അങ്ങനെയുള്ള ഭൂമിയോ വസ്തുവകകളോ ജലസേചന സൗകര്യമോ ആവശ്യമാണെന്ന് കാണുന്ന പക്ഷം സർക്കാർ ചെലവിൽതന്നെ പുനഃസ്ഥാപിച്ച് നൽകേണ്ടതും കോടതിയിൽ കുറ്റപത്രം സമർപിക്കുന്ന സമയത്ത് മുഴുവൻ നഷ്ടപരിഹാര തുകയും നൽകേണ്ടതുമാണ്. |
| 5 | ഭൂമിയേയോ വസ്തുവകകളേയോ ജലത്തേയോ സംബന്ധിച്ചുള്ള കുറ്റങ്ങൾ (വകുപ്പ് 3 (i) (v) | |
| 6 | ബീഗാർ അല്ലെങ്കിൽ അടിമപ്പണി അല്ലെങ്കിൽ നിർബന്ധിത തൊഴിൽ എന്നിവ ചെയ്യിപ്പിക്കുന്നത് (വകുപ്പ് 3 (i) (vi) | കുറ്റകൃത്യത്തിന് ഇരയായ ഓരോ വ്യക്തിക്കും കുറഞ്ഞത് 60,000/- രൂപ ഇതിൽ 25 ശതമാനം പ്രഥമ വിവര റിപ്പോർട്ട് സമർപ്പിക്കുന്ന ഘട്ടത്തിലും ബാക്കി 75 ശതമാനം പ്രതിക്കെതിരെ കീഴ്ക്കോടതി കുറ്റ സ്ഥാപനം നടത്തുമ്പോഴും |
| 7 | വോട്ടവകാശം വിനിയോഗിക്കുന്നത് സംബന്ധിച്ച് (വകുപ്പ് 3 (i) (vii) | കുറ്റകൃത്യത്തിന്റെ സ്വഭാവവും തീവ്രതയും അനുസരിച്ച് കുറ്റകൃത്യത്തിനിരയായ ഓരോ വ്യക്തിക്കും 50,000/- രൂപ |
| 8 | വ്യാജമോ ദുരുദ്ദേശപരമോ ശല്യപ്പെടുത്തുന്നതോ ആയ വ്യവഹാരം (വകുപ്പ് 3 (i) (viii) | 60,000/- രൂപ അല്ലെങ്കിൽ നിയമ നടപടിക്ക് ചെലവായ തുകയും നഷ്ട പരിഹാരവും അല്ലെങ്കിൽ ഇവയിൽ ഏതാണ് കുറവ് അത്. |
| 9 | വ്യാജമോ നിസ്സാരമോ ആയ വിവരം (വകുപ്പ് 3 (i) (ix) | |
| | | |

| | | |
|---|---|---|
| 10 | അപമാനിക്കുകകയോ, പ്രകാപിപ്പിക്കുക യോ, ഭയപ്പെടുത്തുകയോ ചെയ്യുന്നത്. (വകുപ്പ് 3 (i) (x) | കുറ്റകൃത്യത്തിന്റെ സ്വഭാവവും തീവ്ര തയും അനുസരിച്ച് കുറ്റകൃത്യത്തിനി രയായ ഓരോ വ്യക്തിക്കും 60,000/- രൂപ വരെ. ചാർജ് ഷീറ്റ് കോടതി യിൽ സമർപിക്കുമ്പോൾ തുകയുടെ 25 ശതമാനം. ബാക്കിയുള്ള തുക പ്രതിക്കെതിരെ കോടതി ശിക്ഷി ക്കുന്ന സമയത്ത്. |
| 11 | ഒരു സ്ത്രീയെ അനാദരിക്കുകയോ മാനഭംഗപ്പെടുത്തുകയോ ചെയ്യുന്നത് (വകുപ്പ് 3 (i) (xi) | കുറ്റകൃത്യത്തിന് ഇരയായ ഓരോ വ്യക്തിക്കും 1,20,000/- രൂപ. ഈ തുകയിൽ 50 ശതമാനം വൈദ്യപരി ശോധനക്ക് ശേഷവും ബാക്കി 50 ശതമാനം വിചാരണ തീർന്ന ശേഷവും നൽകുന്നതാണ്. |
| 12 | സ്ത്രീയെ ലൈംഗീക ചൂഷണം നടത്തു ന്നത് (വകുപ്പ് 3 (i) (xii) | |
| 13 | ജലസ്രോതസ്സിനെ ദുഷിപ്പിക്കുന്നത് (വകുപ്പ് 3 (i) (xiii) | 2,50,000/- രൂപ വരെ പിഴ. അല്ലെ ങ്കിൽ അങ്ങനെയുള്ള ഉറവ വൃത്തി യാക്കുന്നതിനും സാധാരണ സ്ഥിതി പുന:സ്ഥാപിക്കുന്നതിനും വേണ്ടി യുള്ള ചെലവ് ജില്ലാ ഭരണകൂടത്തിന് യുക്തമെന്ന് തോന്നുന്ന ഘട്ടങ്ങളിൽ തുക നൽകാവുന്നതാണ്. |
| 14 | കീഴ് നടപ്പ് പ്രകാരം വഴി നടക്കാനുള്ള അവ കാശം നിഷേധിക്കുന്നത്. (വകുപ്പ് 3 (i) (xiv) | വഴി നടക്കാനുള്ള അവകാശം പുന:സ്ഥാപിക്കുന്നതിനുള്ള ചെലവും നഷ്ഠപരിഹാരത്തുകയും ഉൾപ്പടെ 2,50,000/- രൂപ വരെ പിഴ. കുറ്റപത്രം സമർപിക്കുമ്പോൾ തുക യുടെ 50 ശതമാനം. ബാക്കി തുക പ്രതിയെ കീഴ്ക്കോടതി ശിക്ഷിക്കു മ്പോൾ |
| 15 | വീട് വിട്ട് പോകുന്നതിന് ഇടയാക്കുക (വകുപ്പ് 3 (i) (xv) | കുറ്റകൃത്യത്തിനിരയായ ഓരോ വ്യക്തിക്കും അങ്ങനെയുള്ള സ്ഥല ത്തിനും താമസത്തിനുമുള്ള അവ കാശം പുന:സ്ഥാപിച്ച് നൽകുന്നതി ലേക്കും 60,000/- രൂപ നഷ്ഠപരിഹാ രവും വീട് നശിപ്പിക്കപ്പെട്ടിട്ടുണ്ടെ ങ്കിൽ സർക്കാർ ചെലവിൽ പുനർ നിർമാണവും. ചാർജ് ഷീറ്റ് കോടതി യിലേക്ക് അയക്കുമ്പോൾ നഷ്ഠപരി ഹാരത്തുക പൂർണ്ണമായും നൽകേ ണ്ടതാണ്. |
| 16 | വ്യാജമായ തെളിവ് നൽകുന്നത് (വകുപ്പ് 3 (2) (i) & (ii) | കുറ്റകൃത്യത്തിന് ഇരയായ വ്യക്തിക്ക് കുറഞ്ഞത് 2,50,000/- രൂപ നഷ്ഠപരി ഹാരം. അല്ലെങ്കിൽ നേരിട്ട നാശന ഷ്ടത്തിനോ ഹാനിക്കോ മുഴുവൻ നഷ്ഠപരിഹാരം. ഇതിൽ 50 ശത മാനം കുറ്റപത്രം നൽകുമ്പോൾ, ബാക്കി തുക കീഴ്ക്കോടതി ശിക്ഷ വിധിക്കുമ്പോൾ |
| | | |

| | | |
|---|---|---|
| 17 | ഇന്ത്യൻ ശിക്ഷാ നിയമ പ്രകാരം 10 വർഷമോ അതിലധികമോ തടവ് ശിക്ഷ ലഭിക്കുന്ന കുറ്റകൃത്യങ്ങൾ ചെയ്യുന്നത് (വകുപ്പ് 3 (2) (V) | കുറ്റകൃത്യത്തിന്റെ സ്വഭാവവും തീവ്രതയും അനുസരിച്ച് കുറഞ്ഞത് 1,20,000/- രൂപയെങ്കിലും നഷ്ടപരിഹാരം. ഈ പട്ടികയിൽ മറ്റ് വിധത്തിൽ പറഞ്ഞിട്ടുള്ള പക്ഷം മേൽ തുകയിൽ മാറ്റം വരുന്നതാണ്. |
| 18 | ഒരു പബ്ലിക്ക് സർവ്വന്റിനാൽ അധാർമിക മായി പീഢിപ്പിക്കപ്പെടുന്നത്.<br>(വകുപ്പ് 3 (2) | സംഭവിച്ച നാശ നഷ്ടത്തിനോ പരിക്കിനോ ഉള്ള മുഴുവൻ നഷ്ടപരിഹാരം. ഇതിൽ 50 ശതമാനം കുറ്റപത്രം സമർപിക്കുന്ന സമയത്തും 50 ശതമാനം കീഴ്ക്കോടതി കുറ്റസ്ഥാപനം നടത്തുന്നതിൻമേലും |
| 19 | പരാധീനത. ശാരീരികവും മാനസീകവുമായുള്ള പരാധീനതകൾ ഏതൊക്കെയാണെന്നുള്ളത് ക്ഷേമകാര്യ മന്ത്രാലയത്തിന്റെ ജി.ഒ നോട്ടിഫിക്കേഷൻ നമ്പർ 4-2/83 എച്ച് ഡബ്ല്യൂ 3, 06.08.1986 തീയതി പ്രകാരം നിർവ്വചിച്ചിട്ടുള്ളതും അത് കാലാ കാലങ്ങളിൽ വരുത്തുന്ന ഭേദഗതികൾക്ക് വിധേയമായിരിക്കുന്നതുമാണ്. (മ) 100 ശതമാനം അംഗഭംഗം (ശ) കുടുംബത്തിലെ വരുമാന സ്രോതസ്സല്ലാത്ത വ്യക്തി | കുറ്റകൃത്യത്തിന് ഇരയായ ഓരോ വ്യക്തിക്കും കുറഞ്ഞത് 2,50,000/- രൂപ ഇതിൽ 50 ശതമാനം പ്രഥമ വിവര റിപ്പോർട്ട് സമർപിക്കുന്ന ഘട്ടത്തിലും ബാക്കി 25 ശതമാനം കുറ്റപത്രം സമർപിക്കുമ്പോഴും 25 ശതമാനം പ്രതിക്കെതിരെ കീഴ്ക്കോടതി കുറ്റ സ്ഥാപനം നടത്തുമ്പോഴും |
| | (ii) കുടുംബത്തിലെ വരുമാനം ആർജ്ജിക്കുന്ന വ്യക്തി | കുറ്റകൃത്യത്തിന് ഇരയായ ഓരോ വ്യക്തിക്കും കുറഞ്ഞത് 5,00,000/- രൂപ വരെ നഷ്ടപരിഹാരം. ഇതിൽ 50 ശതമാനം പ്രഥമ വിവര റിപ്പോർട്ട് സമർപിക്കുന്ന ഘട്ടത്തിലും ബാക്കി 25 ശതമാനം കുറ്റപത്രം സമർപിക്കുമ്പോഴും 25 ശതമാനം പ്രതിക്കെതിരെ കീഴ്ക്കോടതി കുറ്റ സ്ഥാപനം നടത്തുമ്പോഴും |
| | അംഗവൈകല്യം 100 ശതമാനത്തിനു താഴെയാണെങ്കിൽ | മുകളിൽ ഒന്നിലും രണ്ടിലും പ്രസ്താവിച്ചിട്ടുള്ള തുകക്ക് ആനുപാതികമായി കുറവ് വരുത്തിയ തുക. മുകളിൽപറഞ്ഞിട്ടുള്ള ഘട്ടങ്ങളിൽ തന്നെയാണ് തുക നൽകേണ്ടത്. എന്നാൽ കുടുംബത്തിലെ വരുമാന ശേഷിയില്ലാത്ത അംഗത്തിന് 40,000/- രൂപയിൽ കുറയാനും വരുമാന ശേഷിയുള്ള അംഗത്തിന് 80,000/- രൂപയിൽ കുറയാനും പാടുള്ളതല്ല. |
| 20 | കൊലപാതകം, മരണം<br>(a) വരുമാനശേഷിയില്ലാത്ത അംഗത്തിന് | ഓരോ സംഗതിയിലും കുറഞ്ഞത് 2,50,000/- രൂപ. പോസ്റ്റ്മോർട്ടം കഴിഞ്ഞശേഷം തുകയുടെ 75 ശതമാനവും കീഴ്ക്കോടതി ശിക്ഷ വിധിച്ച ശേഷം തുകയുടെ ബാക്കി 25 ശതമാനവും നൽകേണ്ടതാണ്. |

| | | |
|---|---|---|
| | (b) കുടുംബത്തിലെ വരുമാന ശേഷിയുള്ള ഒരംഗം | ഓരോ സംഗതിയിലും കുറഞ്ഞത് 5,00,000/- രൂപ. പോസ്റ്റ്മോർട്ടം കഴിഞ്ഞശേഷം തുകയുടെ 75 ശതമാനവും കീഴ്ക്കോടതി ശിക്ഷ വിധിച്ച ശേഷം തുകയുടെ ബാക്കി 25 ശതമാനവും നൽകേണ്ടതാണ്. |
| 21 | കൊലപാതകം, മരണം , കൂട്ടക്കൊല, ബലാൽസംഗം, കൂട്ടബലാൽസംഗം, സ്ഥിരമായ അംഗവൈകല്യം, കവർച്ച എന്നിവക്ക് ഇരയാകുന്നത്. | മുകളിൽ പറഞ്ഞിട്ടുള്ള സഹായങ്ങൾക്ക് പുറമേ പീഢനം നടന്ന് മൂന്ന് മാസത്തിനുള്ളിൽ താഴെ പറയുന്ന പ്രകാരമുള്ള സഹായങ്ങൾ വ്യവസ്ഥ ചെയ്യാവുന്നതാണ്.<br>1. മരണപ്പെട്ട പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ട അംഗത്തിന്റെ വിധവക്കോ അല്ലെങ്കിൽ മറ്റ് ആശ്രതർക്കോ മാസം തോറും 3000/- രൂപ വീതം പെൻഷൻ, അല്ലെങ്കിൽ മരണപ്പെട്ട ആളുടെ കുടുംബത്തിലെ ഒരംഗത്തിന് ജോലി അല്ലെങ്കിൽ കൃഷിഭൂമിയോ വീടോ<br>2. കുറ്റകൃത്യത്തിന് ഇരയായ വ്യക്തികളുടെ കുട്ടികളുടെ വിദ്യാഭ്യാസത്തിനും പരിപാലനത്തിനും വേണ്ടുന്ന മുഴുവൻ തുക. കുട്ടികളെ ആശ്രമം സ്കൂളുകളിലോ റസിഡൻഷ്യൽ സ്കൂളുകളിലോ പ്രവേശിപ്പിക്കാവുന്നതാണ്.<br>3. മൂന്ന് മാസത്തേക്ക് അത്യാവശ്യ ഭക്ഷണ സാധനങ്ങളും അവ പാകം ചെയ്യുന്നതിനുള്ള ഉപകരണങ്ങളും |
| 22 | വീട് പരിപൂർണ്ണമായി നശിക്കുകയോ, അഗ്നിക്കിരയാകുകയോ ചെയ്യുന്നത് | സർക്കാർ ചെലവിൽ വീട് നിർമ്മിച്ച് നൽകുകയോ സർക്കാർ വീട് നൽകുകയോ ചെയ്യേണ്ടതാണ്. |

സെക്ഷൻ ഓഫീസർ